പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം: 5468

25/10/2011-ൽ മറുപടി നല്കേണ്ടത്

## മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. ബേബി<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാറിലെ ഭൂമി സംബന്ധമായ കേസ്സുകളുടെ പരിഗണനയ്ക്ക് രൂപീകരിക്കപ്പെട്ട മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; | (എ) മൂന്നാറിലെ ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട് രൂപീകൃതമായ മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം നടന്നുവരുന്നു. നിലവിൽ ചെയർമാൻ, 2 മെമ്പർമാർ വിവിധ തസ്തികകളിലായി 9 ജീവനക്കാർ എന്നിവർ നിയമിതരായിട്ടുണ്ട്. മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിൽ വിവിധ ജീവനക്കാരുടെ 38 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് എന്നാൽ നിലവിൽ 9 ജീവനക്കാർ മാത്രമാണ് ട്രൈബ്യൂണലിൽ ജോലി ചെയ്തുവരുന്നത്. ഒഴിവുള്ള തസ്തികകളിൽ എത്രയും വേഗം നിയമനം നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) പ്രവർത്തിക്കാനാവശ്യമായ ജീവനക്കാരുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) ചെയർമാൻ, കെ.എസ്.ഇ.ബി. എക്സി. എഞ്ചിനീയർ താമസിച്ചിരുന്ന കെട്ടിടത്തിലും മെമ്പർമാർ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിലും താല്ക്കാലികമായി താമസിച്ചുവരുന്നു. എന്നാൽ രജിസ്ട്രാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് താമസസൗകര്യം ലഭ്യമായിട്ടില്ല. കൂടാതെ ട്രൈബ്യൂണൽ പ്രവർത്തിച്ചുവരുന്ന മൂന്നാറിലെ പഴയ പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ മെയിന്റനൻസ് അടിയന്തിരമായി നടത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. |
| (സി) ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് ഇനിയും കേസുകൾ വിടേണ്ടതായിട്ടുണ്ടോ? | (സി) മൂന്നാർ പ്രദേശങ്ങളെ ഭൂമിയെ സംബന്ധിച്ച് വിവിധ കോടതികളിലും മറ്റ് അധികാര സ്ഥാനങ്ങളിലും തീർപ്പാകാതെ നില്ക്കുന്ന തർക്കങ്ങൾക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അന്തിമ തീരുമാനം എടുക്കുന്നതിലേയ്ക്കായാണ് മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ ട്രൈബ്യൂണലിന്റെ പരിധിയിൽ ഉൾപ്പെടുത്തി വില്ലേജുകളിലെ ഭൂമി കൈയേറ്റം സംബന്ധിച്ച കേസുകളെല്ലാം ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് വിടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ